# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## NATIONAL BULLETIN

**DATE : 24.01.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ സ്റ്റാർട്ട് അപ്പ് ആവാസവ്യവസ്ഥ അതിവേഗം മുന്നേറുന്നതായും വിവിധ മേഖലകളിൽ രാജ്യം ആഗോള ശക്തിയായി വളരുന്നതായും പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that the country's startup ecosystem is advancing rapidly and that India is emerging as a global power across various sectors.**

2. ദേശീയ റോസ്ഗാർ മേളയിലെ നിയമനങ്ങൾ വഴി യുവാക്കൾ രാജ്യത്തോടുള്ള ഉത്തരവാദിത്തം ഏറ്റെടുക്കുകയാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

   **Union Minister of State Suresh Gopi said that through appointments at the National Rozgar Mela, youth are taking responsibility for the nation.**

3. പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ. ആകാശവാണിയുടെയും ദൂരദർശൻറെയും എല്ലാ ശ്യംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും.

   **Mann Ki Baat, the Prime Minister Narendra Modi's monthly radio programme in which he shares ideas with the people, will be aired tomorrow. The programme will be broadcast live on all All India Radio and Doordarshan networks.**

4. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണോദ്ഘാടനം ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

   **The foundation stone laying ceremony for the second phase of development works of the Vizhinjam Port will be inaugurated this evening by Chief Minister Pinarayi Vijayan.**

5. ഇറാൻ നടത്തുന്ന അവകാശ ലംഘനങ്ങളെ അപലപിച്ചും പ്രതിഷേധ അടിച്ചമർത്തലിനെക്കുറിച്ച് അന്വേഷണം ആവശ്യപ്പെട്ടും ഐക്യരാഷ്ട്രസഭ.

**The United Nations has condemned Iran's human rights violations and has called for an investigation into the suppression of protests.**

6. അണ്ടർ 19 പുരുഷ ക്രിക്കറ്റ് ലോക കപ്പിൽ ഇന്ത്യ ഇന്ന് ന്യൂസിലൻഡിനെ നേരിടും.

**In the Under-19 Men's Cricket World Cup, India will face New Zealand today.**

&&&&&&&&&&&&&&&&&&&&&&

## PM ROZGAR MELA (INTRO)

രാജ്യത്തെ സ്റ്റാർട്ട് അപ്പ് ആവാസവ്യവസ്ഥ അതിവേഗം മുന്നേറുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡിജിറ്റൽ ഇന്ത്യ ശക്തിപ്പെടുന്നതായും വിവിധ മേഖലകളിൽ രാജ്യം ആഗോള ശക്തിയായി വളരുന്നതായും പ്രധാനമന്ത്രി പറഞ്ഞു. 18-ാമത് റോസ്ഗർ മേളയുടെ ഭാഗമായി 61,000 ത്തിലധികം പേർക്കുള്ള നിയമന കത്തുകൾ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. വീഡിയോ കോൺഫറൻസിംഗിലൂടെ നടന്ന ചടങ്ങിൽ ഉദ്യോഗാർത്ഥികളെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു. (ഹോൾഡ് വോയ്സ്.............)

ഇന്ത്യയിലെ യുവാക്കൾക്ക് അവസരം ലഭ്യമാക്കാൻ സർക്കാർ നിരന്തരം പരിശ്രമിക്കുന്നതായി പറഞ്ഞ പ്രധാനമന്ത്രി നിരവധി രാജ്യങ്ങളുമായി സർക്കാർ വ്യാപാര കരാറിൽ ഏർപ്പെടുന്നതായും ഇത് രാജ്യത്ത് യുവാക്കൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുമെന്നും അഭിപ്രായപ്പെട്ടു. ദേശനിർമ്മാണത്തിലുള്ള ക്ഷണക്കത്താണ് നിയമനക്കത്തുകളെന്നും വികസിത ഭാരത നിർമ്മാണത്തിന് പങ്കുവഹിക്കുന്നതിനുള്ള അവസരമാണിതെന്നും ശ്രീ മോദി പറഞ്ഞു. രാജ്യത്തുടനീളം 45 സ്ഥലങ്ങളിലാണ് തൊഴിൽ മേള സംഘടിപ്പിക്കുന്നത്. റോസ്ഗർ മേളകൾ വഴി 11 ലക്ഷത്തിലധികം നിയമന കത്തുകൾ വിതരണം ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

## ROZGAR MELE - PALLIPPURAM

ദേശീയ തല റോസ്ഗാർ മേളയുടെ ഭാഗമായി തിരുവനന്തപുരം പള്ളിപ്പുറം സിആർപിഎഫ് ഗ്രൂപ്പ് സെന്ററിൽ സംഘടിപ്പിച്ച തൊഴിൽ മേള കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. ഇന്ന് ലഭിക്കുന്ന നിയമനത്തിലൂടെ യുവാക്കളുടെ ഭാവി സുരക്ഷിതമാകുക മാത്രമല്ല, രാജ്യത്തോടുള്ള ഒരു ഉത്തരവാദിത്തം അവർ ഏറ്റെടുക്കുക കൂടെയാണെന്ന് ്ശ്രീ സുരേഷ് ഗോപി പറഞ്ഞു.

വിവിധ കേന്ദ്ര സർക്കാർ, പൊതുമേഖലാ വകുപ്പുകളിൽ നിയമനം ലഭിച്ച 272 ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര സഹമന്ത്രി നിയമന ഉത്തരവ് കൈമാറി.

&&&&&&&&&&&&&&&&&&&&&

## FOREIGN EXCHANGE RESERVES

ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം 14.16 ബില്യൺ യുഎസ് ഡോളറിലധികം വർദ്ധിച്ച് 701 ബില്യൺ യുഎസ് ഡോളറിലെത്തി. കരുതൽ ശേഖരത്തിലെ ഏറ്റവും വലിയ ഘടകമായ വിദേശ കറൻസി ആസ്തികൾ ഈ ആഴ്ചയിൽ 9.6 ബില്യൺ ഡോളർ ഉയർന്ന് 560.5 ബില്യൺ ഡോളറിലെത്തിയതായി റിസർവ് ബാങ്കിന്റെ കണക്കുകൾ വ്യക്തമാക്കുന്നു.

&&&&&&&&&&&&&&&&&&&&&

## INDIA ENERGY WEEK

ഇന്ത്യ എനർജി വീക്കിന്റെ നാലാം പതിപ്പ് ഈ മാസം 27 മുതൽ 30 വരെ ഗോവയിൽ നടക്കും. ഊർജ്ജ സുരക്ഷ, സാമ്പത്തിക വളർച്ച, സുസ്ഥിരത എന്നിവയോടുള്ള ഇന്ത്യയുടെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നതാണ് എനർജി വീക്ക് പരിപാടിയെന്ന് ന്യൂഡൽഹിയിൽ നടന്ന വാർത്താ സമ്മേളനത്തിൽ കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക മന്ത്രി ഹർദീപ് സിംഗ് പുരി പറഞ്ഞു. 75,000 പ്രതിനിധികൾ, 600-

ലധികം പ്രദർശകർ, 500-ലധികം ആഗോള പ്രഭാഷകർ, എന്നിവർ പരിപാടിയുടെ ഭാഗമാകും.

&&&&&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 ന്. പരിപാടിയുടെ 130-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻറെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും.

&&&&&&&&&&&&&&&&&&&&&&

## REPUBLIC DAY CELEBRATION

77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. ജനുവരി 26 ന് കർത്തവ്യപഥിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അൻറോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെയറും റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ മുഖ്യാതിഥികളാകും. രാജ്യത്തിന്റെ സംസ്കാരത്തിന്റെയും സൈനിക വൈദഗ്ധ്യത്തിന്റെയും പൈതൃകത്തിന്റെയും സവിശേഷമായ സംയോജനമാണ് പരേഡിൽ പ്രദർശിപ്പിക്കുക.

&&&&&&&&&&&&&&&&&&&&&&

## MEA-KAJA KALLAS

യൂറോപ്യൻ കമ്മീഷൻ വൈസ് പ്രസിഡന്റും വിദേശകാര്യ നയ മേധാവിയുമായ, കാജ കല്ലാസ് ഇന്ത്യയിലെത്തി. യൂറോപ്യൻ യൂണിയനുമായുള്ള രാജ്യത്തിന്റെ തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഈ സന്ദർശനം സഹായകമാകുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നും യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റയും ഇന്ത്യ

സന്ദർശിക്കുന്നതിന് മുന്നോടിയായാണ് യൂറോപ്യൻ യൂണിയൻ വിദേശകാര്യ നയ മേധാവിയുടെ സന്ദർശനം.

&&&&&&&&&&&&&&&&&&&&&&

## PRAGATI HARYANA

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിനായി 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കംകുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടുകഴിഞ്ഞു. ഹരിയാനയിൽ പദ്ധതി നിരീക്ഷണവുമായി ബന്ധപ്പെട്ട പിഎംജി ചട്ടക്കൂടിന് കീഴിൽ 6.38 ലക്ഷം കോടി രൂപ നിക്ഷേപമുള്ള 112 പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിൽ 57 എണ്ണം കമ്മീഷൻ ചെയ്തു, 55 എണ്ണത്തിന്റെ പ്രവർത്തനം പുരോഗമിക്കുകയാണ്. റോഡ് ഹൈവേ കണക്റ്റിവിറ്റി, ഊർജ്ജ പ്രസരണ വിതരണം, റെയിൽവേ, റിയൽ എസ്റ്റേറ്റ് തുടങ്ങിയ മേഖലകളിലാണ് പദ്ധതികൾ പൂർത്തിയായത്. അടിസ്ഥാന സൗകര്യ വികസനത്തിൽ പ്രഗതി സംരംഭത്തിന്റെ നിർണായക പങ്കും, ദേശീയ തലത്തിൽ ഹരിയാനയുടെ പ്രാധാന്യവും എടുത്തു കാട്ടുന്നതാണ് ഈ പദ്ധതികൾ.

&&&&&&&&&&&&&&&&&&&&&&

## NATIONAL GIRL CHILD DAY

ഇന്ന് ദേശീയ ബാലികാ ദിനം. സുസ്ഥിര ഭാവിക്കായി പെൺകുട്ടികളെ ശാക്തീകരിക്കുക എന്നതാണ് ഇത്തവണത്തെ പ്രമേയം. പെൺകുട്ടികളുടെ അവകാശങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം, ക്ഷേമം എന്നിവ ഉയർത്തിക്കാട്ടുന്നതിനായാണ് എല്ലാ വർഷവും ജനുവരി 24 ന് ദേശീയ ബാലികാ ദിനം ആഘോഷിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക്

www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

&&&&&&&&&&&&&&&&&&&&&&

## VIZHINJAM (INTRO)

വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചടങ്ങിൽ കേന്ദ്ര തുറമുഖവകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യതിഥിയാകും. സംസ്ഥാന തുറമുഖ വകുപ്പ് മന്ത്രി വി എൻ വാസവൻ അധ്യക്ഷത വഹിക്കും.

**(വിശദാംശങ്ങളിലേക്ക്)      (വോയ്സ്)**

&&&&&&&&&&&&&&&&&&&&&&

## UNHRC-IRAN

ഇറാൻ നടത്തുന്ന അവകാശ ലംഘനങ്ങളെ അപലപിച്ച് ഐക്യരാഷ്ട്രസഭ. സർക്കാർ വിരുദ്ധ പ്രതിഷേധങ്ങളുടെ അടിച്ചമർത്തലിൽ ആയിരക്കണക്കിന് ആളുകൾ മരിച്ച സംഭവത്തിൽ അന്വേഷണം നടത്തണമെന്നും ഐക്യരാഷ്ട്രസഭ ആവശ്യപ്പെട്ടു. ജനീവയിൽ നടന്ന യുഎൻ മനുഷ്യാവകാശ കൗൺസിലിന്റെ അടിയന്തര സെഷനിൽ ഹൈക്കമ്മീഷണർ വോൾക്കർ ടർക്കാണ് വിഷയത്തിൽ ആശങ്ക പ്രകടിപ്പിച്ചത്. ക്രൂരമായ അടിച്ചമർത്തൽ അവസാനിപ്പിക്കണമെന്നും ഇറാനിയൻ അധികാരികളോട് അദ്ദേഹം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&&&&

## TRUMP-CANADA

ഗ്രീൻലാൻറിന് മുകളിലൂടെ 'ഗോൾഡൻ ഡോം' മിസൈൽ പ്രതിരോധ സംവിധാനം കൊണ്ടുവരാനുള്ള അമേരിക്കൻ തീരുമാനത്തെ എതിർത്തതിന് കാനഡയെ വിമർശിച്ച് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ചൈനയ്ക്ക് അനുകൂലമായി കാനഡ വോട്ടു ചെയ്യുതായും ഇത് കാനഡയ്ക്ക് നല്ലതല്ലെന്നും ട്രംപ് മുന്നറിയിപ്പ് നൽകി. യുഎസ് പിന്തുണയുള്ള സുരക്ഷയ്ക്ക് പകരം കാനഡ ചൈനയുമായി കൂടുതൽ അടുത്ത ബന്ധം പുലർത്തുന്ന സാഹചര്യത്തിലാണ് ട്രംപിൻറെ പ്രസ്താവന.

&&&&&&&&&&&&&&&&&&&&&&

## U-19 MENS CRICKET

അണ്ടർ 19 പുരുഷ ക്രിക്കറ്റ് ലോക കപ്പിൽ ഇന്ത്യ ഇന്ന് ന്യൂസിലൻഡിനെ നേരിടും. മൂന്നാമത്തെയും അവസാനത്തെയും ഗ്രൂപ്പ് മത്സരമാണ് ഇന്ന് സിംബാബ്വെയിൽ ഉച്ചക്ക് ഒരു മണിക്ക് ആരംഭിക്കുന്നത്. മത്സരത്തിൽ ജയിച്ചാൽ ഇന്ത്യ ഗ്രൂപ്പ് ബി യിൽ ഒന്നാമതെത്തും.

&&&&&&&&&&&&&&&&&&&&&&

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. പട്ടികയിൻ മേലുള്ള പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം. കരട് എസ്ഐആർ റോളിൽ നിന്ന് പേരുകൾ ഒഴിവാക്കപ്പെട്ടവരും, പുതിയ അപേക്ഷകരും ഫോം 6 ഉപയോഗിച്ച് അപേക്ഷിക്കണം. വിദേശ വോട്ടർമാർ ഫോം 6എ സമർപ്പിക്കണം. അന്തിമ എസ്ഐആർ വോട്ടർ പട്ടിക അടുത്തമാസം 21 ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&&&&&

## PARLIAMENT

പാർലമെൻറിൻറെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെൻറിൽ സമർപ്പിക്കും. 28 മുതൽ ഫെബ്രുവരി 13 വരെയും, മാർച്ച് 9 മുതൽ ഏപ്രിൽ രണ്ട് വരെയും രണ്ട് ഘട്ടങ്ങളായാണ് സമ്മേളനം.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&